ഉത്തരം

(എ&ബി) ഉണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വീതം ധനസഹായം (പ്രതിവർഷം പരമാവധി 100 പേർക്ക്) നൽകുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉയർന്ന തസ്തികകളിലെ മുസ്ലീം പ്രാതിനിധ്യം

188 (1626) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസംസ്ഥാന സർക്കാരുകളിലെ ഉയർന്ന തസ്തികകളിൽ മുസ്ലീം പ്രാതിനിധ്യം രണ്ടു ശതമാനത്തിലും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിവിൽ സർവ്വീസ് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

(സി) മുസ്ലിം ഉദ്യോഗാർത്ഥികൾക്കായി സിവിൽ സർവ്വീസസ് ഫീ റീഇംബേഴ്സ്മെന്റ് സ്കീം നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സിവിൽ സർവ്വീസ് പരിശീലനം നേടുന്നവർക്ക് (പരമാവധി 200 പേർക്ക്) നിബന്ധനകൾക്ക് വിധേയമായി കോച്ചിംഗ് ഫീസായി പരമാവധി 20,000 രൂപയും ഹോസ്റ്റൽ ഫീസായി പരമാവധി 10,000 രൂപയും റീഇംബേഴ്സ് ചെയ്യുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം

189 (1627) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകൃതമായോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly